LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക നിയമനത്തിലും ഗസ്റ്റ് ലക്ചറർ നിയമനത്തിലും ഉള്ള സംവരണ വ്യവസ്ഥകൾ

147 [730] *ശ്രീ. സി. കെ. നാണു:*
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ദിവസ വേതന വ്യവസ്ഥയിൽ നടത്തുന്ന അദ്ധ്യാപക നിയമനത്തിലും ഗസ്റ്റ് ലക്ചറർ നിയമനത്തിലും സംവരണ വ്യവസ്ഥകൾ പാലിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംവരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ വെളിപ്പെടുത്താമോ;

(സി) ഇതിനെ സംബന്ധിച്ചുള്ള നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഈ വ്യവസ്ഥകൾ സ്കൂളുകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ഇ) സംവരണ വ്യവസ്ഥകൾ പാലിക്കാതെ നിയമനം നടത്തുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഇ) ഹയർസെക്കണ്ടറി സ്കൂളുകളിൽ നടത്തുന്ന ഗസ്റ്റ് ലക്ചറർ നിയമനങ്ങൾക്ക് സംവരണ തത്വം പാലിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ

148 [731] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്ക്കൂൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശമ്പളമിനത്തിൽ 2002-03, 2003-04, 2004-05 വർഷങ്ങളിൽ സർക്കാരിന് എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഗവൺമെന്റ് സ്കൂളുകളിലേത് എത്ര; എയ്ഡഡ് സ്കൂളുകളിലേത് എത്ര;

(സി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങളിൽ സർക്കാരിന് നിലവിൽ എന്ത് നിയന്ത്രണങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ നിയമനക്കാര്യത്തിൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തി വിദ്യാഭ്യാസയോഗ്യതയും, പരിചയസമ്പന്നരുമായ അദ്ധ്യാപക-അനദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)

2002-2003	..	1817,51,17,776 രൂപ
2003-2004	..	1915,01,27,827 രൂപ
2004-2005	..	2275,92,87,000 രൂപ
ആകെ		**6008,45,27,603 രൂപ**

(ബി) *ഗവ. സ്കൂൾ*

2002-2003	..	655,35,94,781 രൂപ
2003-2004	..	695,98,62,863 രൂപ
2004-2005	..	866,53,24,000 രൂപ
ആകെ		**2217,87,81,644 രൂപ**

എയ്ഡഡ് സ്കൂൾ

2002-2003	..	1162,15,17,995 രൂപ
2003-2004	..	1219,02,64,964 രൂപ
2004-2005	..	1409,39,63,000 രൂപ
ആകെ		**3790,57,45,959 രൂപ**

(സി) കെ.ഇ.ആർ. അദ്ധ്യായം 14 (എ) അനുസരിച്ച് എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരം മാനേജർമാർക്കാണെങ്കിലും, നിയമനം ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചാൽ മാത്രമേ നിയമിക്കപ്പെടുന്നവർക്ക് ശമ്പളം ലഭിക്കുകയുള്ളൂ. ആകയാൽ നിയമനം അംഗീകരിക്കണമെന്നത് ഒരു നിയന്ത്രണമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയമനാധികാരം മാനേജർമാർക്കാണെങ്കിലും നിശ്ചിത ഒഴിവിൽ തന്നെയാണോ നിയമിച്ചിട്ടുള്ളതെന്നും, ശരിയായ യോഗ്യത നേടിയിട്ടുള്ളവരെത്ത ന്നെയാണോ നിയമിച്ചതെന്നും, നിയമിക്കപ്പെട്ട ഒഴിവിലേക്ക് മുൻപ് നിയമനം നേടി അവകാശം ലഭിച്ചവർ ആരെയും ഒഴിവാക്കിയിട്ടില്ല എന്നും ഉറപ്പു വരുത്തിയിട്ടാണ് നിയമനം വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിക്കുന്നത്.

എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ

149 [732] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

അംഗീകാരമില്ലാത്ത സ്കൂളുകൾ

150 [733] *ശ്രീ. ബിനോയ് വിശ്വം:*

,, *പി. എസ്. സുപാൽ:*

,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനം തുടങ്ങി അഞ്ചു വർഷമാകാത്ത അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്താമോ;

(സി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) അഞ്ചുവർഷത്തിനുമേൽ പ്രവർത്തിച്ചുവരുന്ന എത്ര സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകിയെന്നും ഇനി എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly